**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3647** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. സർവ്വീസുകൾക്ക് ടാർഗറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ടാർഗറ്റ് കൈവരിക്കുന്ന തൊഴിലാളികൾക്ക് മാത്രം അഞ്ചാം തീയതിക്ക് മുമ്പ് ശമ്പളം നൽകിയാൽ മതി എന്ന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഒരു തീരുമാനമെടുത്തത് എന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി.യിൽ ടാർജറ്റ് അടിസ്ഥാനത്തിലേ ശമ്പളം നൽകൂ എന്ന് തീരുമാനം എടുത്തിട്ടില്ല.<br><br>വരവിനേക്കാളേറെ ചെലവേറി വരുന്നതിനാലും, 2023 ജനുവരി മാസത്തെ ശമ്പള വിതരണത്തിനായി സർക്കാരിൽ നിന്നുള്ള വായ്പാ ധനസഹായം സാങ്കേതിക കാരണങ്ങളാൽ വൈകിയതും നിമിത്തം 2023 ജനുവരി മാസത്തെ ശമ്പളം 14/2/2023-നാണ് വിതരണം ചെയ്തത്. മാത്രമല്ല കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും ജീവനക്കാരുടെ ശമ്പള വിതരണം സമയബന്ധിതമായി നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശവും പുറപ്പെടുവിക്കുകയുണ്ടായി. ടി സാഹചര്യത്തിൽ ഒരു ബദൽ മാർഗ്ഗം എന്ന നിലയിലാണ് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പായി ജീവനക്കാരുടെ ശമ്പളത്തിന്റെ പരമാവധി നൽകാൻ കഴിയുന്ന തുക ആദ്യ ഗഡുവായും, സർക്കാർ സാമ്പത്തിക സഹായം ലഭ്യമായശേഷം മിച്ചമുള്ള തുകയും വിതരണം ചെയ്യാനുള്ള നിർദ്ദേശം മാനേജ്മെന്റ് മുന്നോട്ട് വച്ചത്. സർക്കാർ സഹായം ലഭ്യമായശേഷം ശമ്പളം ഒരുമിച്ച്മതി എന്ന് ആഗ്രഹിക്കുന്ന ജീവനക്കാർക്ക് വ്യക്തിഗത സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കാനുള്ള അവസരവും നൽകിയിട്ടുണ്ട്. |
| (ബി) | ഓരോ ഡിപ്പോയ്ക്കും ടാർഗറ്റ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെ ചെലവും വരുമാനവും, സർവ്വീസ് ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡമാക്കി കാര്യക്ഷമതയും, മത്സരോത്സുകതയും |

| | | | |
|---|---|---|---|
| | | | വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയിലും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (സി) | യാത്രാദുരിതം അനുഭവിക്കുന്ന ജനങ്ങൾക്കുള്ള സേവനം എന്ന രീതിയിൽ നടത്തുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾക്ക് ടാർഗറ്റ് നിശ്ചയിച്ച് നൽകുന്ന രീതി പ്രായോഗികമാണോ; തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവുമായ ഈ നിലപാട് പിൻവലിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക ബാധ്യതയിലൂടെയാണ് കടന്നുപോകുന്നത്. ഈ സാഹചര്യത്തിൽ സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികളുടെ ഭാഗമായാണ് ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളത്. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായും സേവന സ്വഭാവത്തോടെയും നടത്തിവരുന്ന സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തുന്ന ഗ്രാമവണ്ടി പദ്ധതിയിലും ഡീസൽ ചെലവിനുള്ള തുക സ്പോൺസർഷിപ്പിലൂടെ ലഭ്യമാകുന്ന രീതിയിലും സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ മാത്രമേ തുടരുവാൻ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയുകയുള്ളൂ.<br><br>ഇത്തരത്തിൽ സേവനമേഖലയിൽ നഷ്ടം സഹിച്ച് നടത്തിവരുന്ന സർവ്വീസുകൾ ക്രമീകരിച്ച് കൂടുതൽ ലാഭകരമാക്കിയും ബന്ധപ്പെട്ട വകുപ്പുകളുടെയും സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ചെലവ് കുറച്ച് ടാർഗറ്റ് ലഭ്യമാക്കുകയും ചെയ്യുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. യൂണിറ്റുകൾക്ക് ടാർഗറ്റ് നിശ്ചിയിച്ച് നൽകിയിരിക്കുന്നത് പിൻവലിക്കുവാൻ നിലവിൽ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ